# ഉയർപ്പുക്കാലം

## മൂന്നാം ഞായർ

## വചന വിചിന്തനം

യോഹ 14,1-14

**പീലിപ്പോസ് പറഞ്ഞു:**
***"കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി."***
***യേശു പറഞ്ഞു: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ?"***

"ക്രിസ്തുവിന്റെ അനുയായി ആയ നമ്മളിൽ എത്രപേർക്ക് "എന്നെ കാണുന്നവൻ ക്രിസ്തുവിനെ കാണുന്നു..." എന്ന് പറയാൻ സാധിക്കും?"

ക്രിസ്ത്യാനി
ക്രിസ്തുവിന്റെ അനുയായി
മാത്രമല്ല.
മറിച്ച്,
ക്രിസ്തുവിനെ
വെളിപ്പെടുത്തുന്നവൻ
കൂടെയാണ്...

"വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല" എന്ന് പഠിപ്പിച്ചവൻ പിതാവായ ദൈവത്തെ തന്നെയാണ് തന്റെ ജീവിതത്തിലൂടെ പങ്കുവച്ച് തന്നത്. അജയമായ ആ ആത്മബലത്തോടെയാണ് ദൈവാന്വേഷിയായ പീലിപ്പോസിന്റെ സംശയത്തിന് ദുരീകരണമെന്നവണ്ണം ക്രിസ്തു അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നത്, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ?" (യോഹ 14,9). ചുരുക്കത്തിൽ, പുത്രനായ ക്രിസ്തുവിന്റെ മുഖം തന്നെയാണ് പിതാവായ ദൈവത്തിന്. അതുപോലെ തന്നെ, പിതാവായ ദൈവത്തിന്റെ മുഖം തന്നെയാണ് പുത്രനായ ക്രിസ്തുവിനും.

ദൈവമുഖത്തെ കുറിച്ച് കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും രസകരമായ കഥ "ടിന്റുമോന്റേ"താണ്. ഒരു ദിവസം ടിന്റുമോൻ തന്റെ അമ്മയുടെ അടുത്ത് പറയുകയാണ്,

ടിന്റു: "അപ്പുറത്തെ വീട്ടുകാരെല്ലാം എന്നെ ദൈവമായിട്ടാണ് കാണന്നത്..."

അമ്മയ്ക്ക് വലിയ കൗതുകമായി. ഇതെന്താ ഇവൻ ഇങ്ങനെ പറയുന്നത്? അമ്മ തിരിച്ച് ചോദിച്ചു,

അമ്മ: "ഇതെന്താ നീ ഇങ്ങനെ പറയുന്നേ, അപ്പുറത്തെ വീട്ടുകാരെല്ലാം എന്നെ ദൈവമായിട്ടാണ് കാണന്നത് എന്ന്?"

അമ്മയുടെ കൗതുകത്തിന് ടിന്റുമോൻ തിരിച്ച് മറുപടി പറയുകയാണ്,

ടിന്റു: ഞാൻ അവരുടെ വീട്ടിലേയ്ക്ക് കയറുമ്പോഴെയ്ക്കും അവർ പരസ്പരം പറയന്നത് എനിക്ക് കേൾക്കാം, "ദൈവമേ, നീ വീണ്ടും വന്നോ?"

പൗലോസ് ശ്ലീഹ ഗലാത്തിയക്കാർക്കെഴുതിയ ലേഖനത്തിൽ കുറിച്ച് വയ്ക്കുന്നു, "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20). പൗലോസ് ശ്ലീഹായുടെ ആർജ്ജവത്വം എത്ര മനോഹരമാണ്! തന്റെ സർവ്വസ്വവും തമ്പുരാന്റെ പാദാന്തികത്തിൽ സമർപ്പിച്ച് കഴിയുമ്പോൾ, അവനു വേണ്ടി തന്റെ ജീവിതം തന്നെ മാറ്റി വയ്ക്കുമ്പോൾ, പൗലോസ്ശ്ലീഹായ്ക്ക് ലഭിക്കുന്ന വെളിപാടാണ്

ഗലാത്തിയായിലെ സഭയുമായി ശ്ലീഹ പങ്കുവയ്ക്കുന്നത്, "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20). ചുരുക്കത്തിൽ പൗലോസ്ശ്ലീഹ ക്രിസ്തുവിന്റെ രൂപം ധരിക്കുകയാണ്... ക്രിസ്തുവിന്റെ ചെയ്തികളെ തന്റെ ജീവിതത്തിലൂടെ തുടരുകയാണ്... ഇന്ന്, നാം ധരിക്കാൻ മറന്ന് പോകുന്ന രൂപം ക്രിസ്തുവിന്റെ രൂപമാണ്. അതുകൊണ്ട് തന്നെ ഇന്ന് നാം ചെയ്യാൻ മറന്നുപോകുന്ന ചെയ്തികൾ ക്രിസ്തുവിന്റേത് തന്നെയാണ്! ക്രിസ്തുവിന്റെ രൂപം ധരിക്കുന്നവർക്കെ, ക്രിസ്തുവിന്റെ ചെയ്തികൾക്കായി പാദങ്ങൾ മാറ്റി വയ്ക്കാനും, പൗലോസ്ശ്ലീഹായെ പോലെ, ക്രിസ്തുവിനെ പോലെ "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്നു പറയാൻ സാധിക്കു.

തിരുസഭ മാർപ്പാപ്പയുടെ ആഹ്വാനം നെഞ്ചിലേറ്റി കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിലൂടെ കടന്ന് പോകുന്നു. അഭിവന്ദ്യ ഫ്രാൻസീസ്മാർപ്പാപ്പ കാരുണ്യത്തെ കുറിച്ച ഏറ്റവും അവസാനം (31.03.2016) പങ്കുവച്ചത് ഇപ്രകാരമാണ്, "കാരുണ്യം പങ്കുവയ്ക്കുക... കാരുണ്യം സ്വന്തമാക്കുക..." ക്രിസ്തുവിന്റെ തിരുമുഖം സ്വന്തമാക്കാനും, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്നു ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്താനും ചെയ്യേണ്ടത് ഇത്രമാത്രം തന്നെയാണ്. ഈ അടുത്ത ദിവസം ഏറെ ചിന്തിപ്പിച്ച, ധ്യാനിപ്പിച്ച സംഭവം ഇപ്രകാരമാണ്.

> ചായക്കടക്കാരൻ ഭിക്ഷുവിന് കാലിചായ പുഞ്ചിരിയോടെ സമ്മാനിക്കുമ്പോൾ ചായക്കടക്കാരന്റെ രൂപം ക്രിസ്തുവിന്റെ രൂപം തന്നെയാണ്!

"അച്ചാ... കുഞ്ഞുമറിയ ചേടത്തി പള്ളിയിൽ വന്നിട്ട് ഒരു വർഷമാകുന്നു. പള്ളിപിരിവും കുടിശ്ശികയും അടക്കം ഒരു കാര്യത്തിലും സഹകരിക്കില്ല. അങ്ങനെയുള്ള ഒരാളെ എത്തിനാ ഈ ഇടവകാർക്ക്? ഇന്നൊരു തീരുമാനമെടുക്കണം."

പള്ളിയിലെ മാനേജിങ് കമ്മറ്റിയിലെ പള്ളിപ്രമാണിമാർ ഈ കാര്യം അവതരിപ്പിച്ചപ്പോൾ എല്ലാവരും അതങ്ങു ഏറ്റു പിടിച്ചു. "പുറത്താക്കണം അച്ചോ..." എല്ലാവരും കൈ അടിച്ച് പാസാക്കി. "നാളെ തന്നെ കത്ത് അയച്ചോളൂ..." രണ്ടാഴ്ച്ച കഴിഞ്ഞപ്പോൾ അച്ചൻ അയച്ച കത്ത് തിരികെ വന്നു. കുഞ്ഞുമറിയ ചേടത്തി കത്ത് ഒപ്പിട്ട് വാങ്ങിയില്ല.

"അച്ചോ, ഇതങ്ങനെ വിട്ടാൽ ശരിയാകില്ല. വാ അച്ചാ, വണ്ടിയിൽ കയറച്ചാ... നമുക്ക് നേരിട്ട് പോയി അന്വേഷിക്കാം."

അച്ചൻ പറഞ്ഞു; "വണ്ടി അവരുടെ വീട് വരെ പോകില്ല. കുറേ നടക്കണം. ആ തള്ള തനിയെ അല്ലെ താമസിക്കുന്നത്. വിവാഹം കഴിക്കാത്തതിനാൽ മക്കളോ ഭർത്താവോ ഇല്ല. അവരെ ആരെയെങ്കിലും വിട്ട് പള്ളിയിലേക്ക് വിളിപ്പിച്ചാൽ പോരെ? നീ പോയിട്ട് അവരെ വിളിച്ചോണ്ട് വാ..."

തോമാ കുഞ്ഞുമറിയയുടെ വീട്ടിലെത്തി. കുറേ വിളിച്ചു. ഒരു അനക്കവും ഇല്ല. ഇവരെവിടെ പോയി എന്ന് ആരോടേലും ചോദിക്കാം എന്ന് വച്ചാൽ ഈ മലയിൽ മറ്റൊരു വീടും ഇല്ല. ഒരു ജനാല ഒരു വിധത്തിൽ തോമാ തള്ളി തുറന്നു. അകത്തേക്ക് നോക്കിയ തോമാ ഞെട്ടിപ്പോയി. ഒറ്റമുറി വീടിനകത്ത് തലയോട്ടി ഇളകിമാറിയ അസ്ഥികൾ ഇളകിമാറിയ ഒരു രൂപം. അയാൾ സൂക്ഷിച്ച് നോക്കി. കുഞ്ഞുമറിയ ചേടത്തി മരിച്ചിട്ട് നാളുകൾ ഏറെയായിരുന്നു.

ആരും തുണയും തണലുമില്ലാതെ ആ പാവം സ്ത്രീയുടെ ജീവിതം അവസാനിച്ചിട്ട് വർഷം കഴിഞ്ഞിരുന്നു. പിന്നെ എല്ലാം വളരെ പെട്ടന്നായിരുന്നു പള്ളി മണി മുഴങ്ങി. ആളുകൾ മല കയറി. തല്ലി കൂട്ടിയുണ്ടാക്കിയ തടി പെട്ടിയിൽ അസ്ഥികഷണങ്ങൾ വാരിക്കൂട്ടി. പോലീസ് കൊടുത്ത നിർദ്ദേശം അനുസരിച്ച് കുഴിമാടത്തിലേക്ക്. പള്ളിയിലെ പ്രാർഥനയ്ക്ക് ഇടയിൽ അച്ചൻ ഒരു കത്ത് പൊട്ടിച്ച് വായിച്ചു ഒരു വർഷം മുൻപ് കുഞ്ഞുമറിയ ചേടത്തി അച്ചന് കൊടുത്തുവിട്ട കത്ത്. അതിൽ മുഴുവൻ ആവലാതി പറച്ചിലാണെന്ന് കരുതി അച്ചൻ വായിക്കാൻ താൽപര്യം കാണിക്കാതെ മാറ്റിവെച്ച കത്തായിരുന്നത്.

"പ്രിയപ്പെട്ട വികാരി അച്ചാ, എനിക്ക് തീരെ സുഖമില്ല. കിടപ്പിലാണ്. അച്ചൻ ഇവിടെ വരെയൊന്ന് വരണം. എനിക്ക് എന്തെങ്കിലും സംഭവിച്ചാൽ എന്റെ പേരിലുള്ള ഈ എട്ട് ഏക്കർ ഭൂമിയും ഈ വീടും പള്ളിക്ക് ഇഷ്ടദാനമായി എഴുതി നൽകുന്നു. വേറെ ഒന്നും എന്റെ പക്കൽ തരാനായില്ല. കണ്ണു നിറഞ്ഞ് മുഖത്തിലൂടെ ഒഴുകിയ കണ്ണീർ അച്ചൻ തുടച്ച് മാറ്റി, സ്വയം കുറ്റം വിധിച്ചു.

"എന്റെ പിഴ... എന്റെ പിഴ... എന്റെ വലിയ പിഴ!"

"നിങ്ങളുടെ പിതാവ് കരുണയുള്ളവരായിരിക്കുന്നത് പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36). പുത്രനായ ക്രിസ്തു പിതാവായ ദൈവത്തിന്റെ സവിശേഷ സ്വഭാവം വരച്ച് കാണിക്കുകയാണ്. ഒരു പക്ഷെ, ഈ സവിശേഷ സ്വഭാവം മുപ്പത്തിമൂന്ന് വർഷത്തിനുള്ളിൽ സ്വന്തമാക്കിയതുകൊണ്ടാകാം ക്രിസ്തു കൂട്ടിചേർത്തത്, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14,9). കാരുണ്യം ഹൃദയത്തിന്റെ വികാരമാകാതിരിക്കുമ്പോൾ, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്നു എന്ന് പറയാൻ സാധിക്കില്ല. മറിച്ച്, സ്വന്തം മുഖം തന്നെ മറ്റുള്ളവർക്ക് പങ്കുവയ്ക്കുകയാണ്.

ഒരിക്കൽ ഒരു ആഫ്രിക്കക്കാരൻ കാട്ടിലൂടെ സഞ്ചരിക്കുകയായിരുന്നു. കുറച്ച് ദൂരം പിന്നിട്ടപ്പോൾ ആഫ്രിക്കക്കാരന് ഒരു കണ്ണാടിയുടെ കഷ്ണം വഴിയിൽ നിന്നും കിട്ടി. ആദ്യമായിട്ടാണ് അയാൾ അങ്ങനെ ഒരു സാധനം കാണുന്നത്. അതിൽസ്വന്തം പ്രതിബിംബം കണ്ടപ്പോൾ തന്റെ അച്ഛന്റെ പടമാണെന്ന് ആ പാവം വിശ്വസിച്ചു. ദിവസവും രാത്രിയിൽ അയാൾ അതിൽ നോക്കി നിശബ്ദനായി ഇരിയ്ക്കും. ഈ സംഭവം അയാളുടെ ഭാര്യ കാണുവാനിടയായി. അവളിൽ സംശയം ഉടലെടുത്തു. ഒരു ദിവസം ഭർത്താവില്ലാത്ത സമയത്ത് അവൾ കണ്ണാടി എടുത്ത് നോക്കി. അതിൽ ഒരു പെണ്ണിന്റെ പടം കണ്ടതും അവരുടെ സംശയം ഇരട്ടിച്ചു. കരഞ്ഞു കൊണ്ട് അവൾ അമ്മായിയമ്മയോട് വിവരം പറഞ്ഞു.

"ചേട്ടൻ എല്ലാ രാത്രിയിലും ഈ പെണ്ണിന്റെ പടം നോക്കിയിരുപ്പാ അമ്മേ."

അമ്മായിയമ്മ ആ കണ്ണാടിയിൽ നോക്കി ഇങ്ങനെ സമാധാനിപ്പിച്ചു:

"നീ കരയേണ്ട മോളേ... കിളവിയാ, ഉടനേ ചത്തോളും......."

വഴിയും സത്യവും ജീവനും ഞാനാകുന്നും എന്നു പറഞ്ഞവർ വീണ്ടും ഘോഷിക്കുകയാണ്, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ?" (യോഹ 14,9).

*ദൈവസാന്നിദ്ധ്യം എന്തിലും ഏതിലും ദൈവത്തെ കാണുവാനുള്ള വലിയ കൃപയാണ്!*

***"യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു. ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്."***

ഗലാ 5,22 - 23

ഫാ. ജോബി മേനോത്ത് : +91 944 7777 931